

# സ്വാമിയല്ലാതൊരു ശരണമില്ലയ്യപ്പാ

**മനോജ് വിജയരാജ്**

എഴുപതാണ്ടുകൾക്ക് മുമ്പായിരുന്നു ആ ശബരിമലയാത്ര. ശബരിമലക്ഷേത്രദർശനത്തിന് 1939-ൽ ശ്രീചിത്തിരതിരുനാൾ ബാലരാമവർമ്മ മഹാരാജാവും സംഘവും എത്തിയപ്പോൾ ആ തീർത്ഥാടക സംഘത്തിൽ അമ്മ മഹാറാണിയും, ശ്രീചിത്തിരതിരുനാൾ ബാലരാമവർമ്മ മഹാരാജാവിന്റെ അനുജൻ ഉത്രാടം തിരുനാൾ മാർത്താണ്ഡവർമ്മയും ഉണ്ടായിരുന്നു. സർ സി.പി. രാമസ്വാമി അയ്യരും സംഘത്തിലുണ്ടായിരുന്നു. വനംവകുപ്പ് ഉദ്യോഗസ്ഥർ ഉൾപ്പെടെ വൻസംഘം വേറെയും. പീരുമേട്, വണ്ടിപ്പെരിയാർ, മൗണ്ട് എസ്റ്റേറ്റ് വഴിയായിരുന്നു അന്നത്തെ യാത്ര. പീരുമേടുവരെ യാത്ര ചെയ്തത് അന്നത്തെ കാഡിലാക് കാറിൽ. പിന്നെ കൊടുംവനത്തിലൂടെ പന്ത്രണ്ട് മൈൽനടപ്പ്. ഒരു ദിവസം അങ്ങോട്ടും പിറ്റേന്ന് ഇങ്ങോട്ടും. അന്ന് ശബരിമല യാത്രയ്ക്ക് മറ്റൊരു മാർഗമുണ്ടായിരുന്നത് എരുമേലി, അഴുത, പമ്പ വഴിയാണ്. നാല്പത്തിരണ്ടു മൈൽ ദൂരം. ആ യാത്രയെപ്പറ്റി ഉത്രാടംതിരുനാൾ മാർത്താണ്ഡവർമ്മ ഓർമ്മിക്കുന്നു. "പീരുമേട്ടിൽനിന്ന് മൗണ്ട് എസ്റ്റേറ്റ് വരെ ഏകദേശം ആറുമൈൽ കുത്തനെയുള്ള വലിയ കയറ്റം. അമ്മ മഹാറാണി, ഡോളിയിലായിരുന്നു. വലിയ തമ്പുരാനും ഞാനും നഗ്നപാദരായി മുന്നിലും പിന്നിലും. മലകയറിയപ്പോൾ മഹാരാജാവ് ഊന്നുവടിയായി കാട്ടുക



*1939ൽ ശ്രീചിത്തിര തിരുനാൾ ബാലരാമവർമ്മ മഹാരാജാവിനൊപ്പം ദർശനത്തിനെത്തിയപ്പോൾ ഉത്രാടം തിരുനാൾ മാർത്താണ്ഡവർമ്മ സ്വന്തം കാമറയിൽ പകർത്തിയ ശബരിമല ക്ഷേത്രത്തിന്റെ ചിത്രം*

മ്പുകുത്തി നടന്നു.

ചെങ്കുത്തായ കയറ്റംകയറി മൗണ്ട് എസ്റ്റേറ്റ് കഴിഞ്ഞ് ഇടത്താവളം. ഈറക്കമ്പുകൾ വെട്ടിയുണ്ടാക്കി പുല്ലുമേഞ്ഞ പുര. പതിനഞ്ച് മിനിട്ട് വിശ്രമത്തിനുശേഷം വീണ്ടും ഇടതൂർന്ന മരങ്ങൾ നിറഞ്ഞ കൊടുംകാട്ടിലൂടെ നടന്നു. സന്നിധാനംവരെ മിക്ക ഭാഗങ്ങളിലും കുത്തിറക്കമായിരുന്നു." ശബരിമല ഇന്നുകാണുന്നതുപോലെയായിരുന്നില്ലെന്ന് ഉത്രാടം തിരുനാൾ ഓർമ്മിക്കുന്നു.

"ശ്രീകോവിലും ചേർന്നുള്ള മണ്ഡപവും പിന്നൊരു ഷെഡും. ക്ഷേത്രത്തിന്റെ കിഴക്ക് പതിനെട്ടാംപടി ഇന്നത്തെ മോടിയിലായിരുന്നില്ല. രാജസംഘാംഗങ്ങളുടെ കൈയിൽ ഇരുമുടിക്കെട്ടുണ്ടായിരുന്നില്ല. അതുകൊണ്ടുതന്നെ ആചാരം തെറ്റിക്കാതെ പതിനെട്ടാംപടി കയറാതെയായിരുന്നു ദർശനം നടത്തിയത്. പതിനെട്ടാംപടിക്ക് ഇടത്ത് ചെറിയ പടവുകൾ കയറിയായിരുന്നു മുഖമണ്ഡപത്തിലെത്തിയത്. അന്ന് സന്നിധാനത്തിനുചുറ്റും മഴക്കാടുകളായിരുന്നു. വൻ മരങ്ങൾകൊണ്ട് നിറഞ്ഞ കൊടുംകാട്. ദർശനത്തിനും മറ്റു പൂജാകർമ്മങ്ങൾക്കുംശേഷം സംഘാംഗങ്ങൾ ക്ഷേത്രവളപ്പിൽത്തന്നെ തങ്ങി. ഈറ്റയും കാട്ടുകമ്പുകളും കൊണ്ടുതീർത്ത പുരയിൽ." അന്നത്തെ ദർശനം ഇന്നും ഉത്രാടം തിരുനാൾ മാർത്താണ്ഡവർമ്മയുടെ മനസിലുണ്ട്.



*ഉത്രാടം തിരുനാൾ മാർത്താണ്ഡവർമ്മ*
*ഫോട്ടോ: വിനോദ് രവീന്ദ്രൻ*